## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1163** **13/12/2012 ൽ മറുപടിക്ക്**

## അമ്പലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് മുറികൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ് മുറികൾ അനുവദിച്ചിട്ടുള്ളത്; അവ ഏതെല്ലാം സ്കൂളുകളിലാണെന്ന് വ്യക്തമാക്കാമോ; | എ) | 2012-13 ലെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും ഘട്ടംഘട്ടമായി സ്മാർട്ട് ക്ലാസ് മുറികൾ ആക്കുമെന്നും ഈ സാമ്പത്തിക വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറി എങ്കിലും ഒരുക്കാൻ ഉദ്ദേശിക്കുന്നുവെന്നും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് മുറികൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | ബി) | എല്ലാ സ്കൂളുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതായിട്ടാണ് ബഡ്ജറ്റ് പ്രഖ്യാപനം. ആയതിനാൽ സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങൾ ഒന്നുമില്ല. |

സെക്ഷൻ ഓഫീസർ